# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3087

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, ഹൈബി ഈഡൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറുദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന ലക്ഷ്യമാക്കിയിട്ടുള്ളത്. |
| (ബി) | നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് നഗരസഭാ പ്രദേശത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി. ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്നത്; | (സി) | എസ്.ജെ.എസ്.ആർ.വൈ യുടെ ഒരു ഘടകമായ അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടത്തിപ്പിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന തുക അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കുന്നുണ്ട്. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | പദ്ധതി നടത്തിപ്പിനായി നഗരസഭകൾ പ്രോജക്ടുകൾ തയ്യാറാക്കുകയും ഡിപിസിയുടെ അംഗീകാരത്തോടെ റീജിയണൽ ജോയിന്റ് ഡയറക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശ ചെയ്യുന്ന ലേബർ ബഡ്ജറ്റിന്റേയും, |

| | | | |
|---|---|---|---|
| | | | ആക്ഷൻ പ്ലാനിന്റേയും അടിസ്ഥാനത്തിൽ നഗരസഭകൾക്ക് ഒന്നാം ഗഡു അനുവദിച്ചു നൽകിയിരുന്നു. ടി ഒന്നാം ഗഡുവിന്റെ 60% മോ അതിലധികമോ ചെലവഴിച്ച നഗരസഭകൾക്ക് രണ്ടാം ഗഡു അനുവദിച്ചു നൽകിയിട്ടുണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ബഹുമാനപ്പെട്ട നഗരകാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി നഗരസഭാതലത്തിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും തൊഴിൽ കാർഡ് നൽകുകയും തൊഴിൽ കാർഡ് ലഭിച്ച ശേഷം കാർഡിൽ പേരുള്ള ഓരോ അംഗത്തിനും തങ്ങൾക്ക് തൊഴിൽ ആവശ്യമുള്ള അവസരങ്ങളിൽ സ്വമേധയാ തൊഴിലിനായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും സുതാര്യതയ്ക്കുമായി ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1) ജലസംരക്ഷണവും ജലകൊയ്ത്തും
2) വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്ക്കരണ പ്രവർത്തനങ്ങളടക്കം)
3) മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ
4) എസ്.സി./എസ്.റ്റി/കേന്ദ്രാവിഷ്കൃത പദ്ധതികൾ/ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ.
5) കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുന:നിർമ്മാണം
6) ഭൂവികസനം
7) വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കു ചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളസംരക്ഷണ പ്രവർത്തനങ്ങളും
8) ബിഎസ്‌യുപി/ഐഎച്ച്എസ്ഡിപി/കെഎസ്‌യുഡിപി/എസ്ജെഎസ്ആർവൈ/ആർഎവൈ പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി / ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങളും ഇഎംഎസ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവർത്തികളും.
9) കോളനി നവീകരണ പ്രവർത്തികൾ.
10) പൊതു സ്ഥലങ്ങളിൽ കുന്നു കൂടുന്ന ചപ്പു ചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവർത്തികൾ.
11) സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിലെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഇതര പ്രവർത്തികൾ.